ഹയർ സെക്കന്ററി ഡയറക്ടറുടെ
കാര്യാലയം, ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്, ശാന്തി നഗർ,
തിരുവനന്തപുരം.

**Acd/Special Cell (1)/64449/HSE/2009.** തീയതി: 23/12/2009

## സർക്കുലർ

വിഷയം : എച്ച്.എസ്.ഇ – 2009 ലെ ജില്ലാ മെറിറ്റ് സ്കോളർഷിപ്പ് അപേക്ഷകൾ ഓൺലൈൻ വഴി സ്ഥാപന മേധാവികൾ സമർപ്പിക്കുന്നത് സംബന്ധിച്ച്.

സൂചന: 17/12/09 ലെ കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ ആർ 1/120968/09/കോ.വി.വ നമ്പർ കത്ത്.

ഓൺലൈൻ രജിസ്ട്രേഷൻ പ്രകാരം വിദ്യാർത്ഥികൾ രജിസ്റ്റർ ചെയ്ത 2009–10 ലെ ജില്ലാ മെറിറ്റ് സ്കോളർഷിപ്പ് അപേക്ഷകൾ ഇതിന്റെ അവസാനദിവസമായ 2009 ഡിസംബർ 15 കഴിഞ്ഞിട്ടും ടി വിദ്യാർത്ഥികൾ ഇപ്പോൾ പഠിയ്ക്കുന്ന സ്ഥാപന മേധാവികളിൽ ധാരാളം പേർ അപേക്ഷകൾ പരിശോധിച്ച് ആവശ്യമായ സർട്ടിഫിക്കറ്റ് സഹിതം "ഓൺലൈൻ" വഴി സബ്മിറ്റ് ചെയ്തിട്ടില്ല എന്ന് സൂചന കത്ത് മുഖാന്തിരം കോളേജ് വിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചിട്ടുണ്ട്. ആയതിനാൽ ഇനിയും ഓൺലൈനായി ആവശ്യമായ സർട്ടിഫിക്കറ്റ് സഹിതം അപേക്ഷകൾ സബ്മിറ്റ് ചെയ്തിട്ടില്ലാത്ത ഹയർസെക്കണ്ടറി പ്രിൻസിപ്പൾമാർ വിദ്യാർത്ഥികൾ സമർപ്പിച്ചിട്ടുള്ള ഓൺലൈൻ അപേക്ഷകൾ പരിശോധിച്ച് ആവശ്യമായ സർട്ടിഫിക്കറ്റ് സഹിതം 2009 ഡിസംബർ 28 നുള്ളിൽ തന്നെ സ്കോളർഷിപ്പ് അപേക്ഷകൾ നിർബന്ധമായും "ഓൺലൈനായി സബ്മിറ്റ് " ചെയ്യേണ്ടതാണ്.

ഡയറക്ടർ

To

എല്ലാ ഹയർസെക്കന്ററി സ്കൂൾ പ്രിൻസിപ്പാൾമാർക്കും